ഉത്തരം

(എ) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ താഴെ പറയുന്ന നിരക്കിലാണ് സ്റ്റാമ്പ് ഡ്യൂട്ടി, സർചാർജ്ജ്, രജിസ്ട്രേഷൻ ഫീ എന്നിവ ഈടാക്കുന്നത്.

	സ്റ്റാമ്പ് ഡ്യൂട്ടി	സർചാർജ്ജ്	രജിസ്ട്രേഷൻ ഫീ	ആകെ
1. പഞ്ചായത്ത്	6%	4%	2%	12%
2. മുനിസിപ്പാലിറ്റി	8½%	4%	2%	14½%
3. കോർപ്പറേഷൻ	8½%	5%	2%	15½%

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബ്ലോക്കുതല പഞ്ചായത്തുകൾക്ക് നൽകിയ പദ്ധതി വിഹിതം

173 (3128) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് ബ്ലോക്കുതല പഞ്ചായത്തുകൾക്ക് നൽകിയ പദ്ധതിവിഹിതമായി എത്ര കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത് ;

(ബി) ഈ വിഹിതം ബ്ലോക്കുപഞ്ചായത്തുകൾക്ക് വീതം വച്ചു നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) ഇതുപ്രകാരം ഏറ്റവും കൂടുതൽ പദ്ധതി വിഹിതം ലഭിച്ച ബ്ലോക്കു പഞ്ചായത്തും ഏറ്റവും കുറവ് പദ്ധതി വിഹിതം ലഭിച്ച ബ്ലോക്കു പഞ്ചായത്തും ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 17,890.30 ലക്ഷം രൂപ പദ്ധതി സഹായമായി നീക്കിവച്ചിട്ടുണ്ട്. (പൊതുവിഭാഗം-12,367.65 ലക്ഷം, പ്രത്യേക ഘടക പദ്ധതി 4,641.98 ലക്ഷം, പട്ടികവർഗ്ഗ ഉപപദ്ധതി 880.67 ലക്ഷം)

(ബി) ബ്ലോക്കു പഞ്ചായത്തുകളുടെ പദ്ധതിവിഹിതം വീതം വയ്ക്കുന്നത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്.

1. ജനസംഖ്യ (പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഒഴിച്ചുള്ളത്) - 60%
2. പട്ടികവർഗ്ഗ ജനസംഖ്യയ്ക്ക് - 5%
3. വനപ്രദേശങ്ങളൊഴിച്ചുള്ള ഭൂപ്രദേശത്തിന് - 10%

LIBRARY ARCHIVES Kerala Legislative Assembly

4. കർഷകതൊഴിലാളികൾ, കാലിവളർത്തൽ, മത്സ്യബന്ധനം തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള സൂചിക - 25%

(സി) ഏറ്റവും കൂടതൽ - സുൽത്താൻബത്തേരി - 379.77 ലക്ഷം

ഏറ്റവും കുറവ് - പള്ളുരുത്തി (എറണാകുളം) - 32.72 ലക്ഷം

ഇന്ദിര ആവാസ്യോജന പദ്ധതിപ്രകാരം ചെലവഴിച്ച തുക

174 (3129) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വേണ്ടിയുള്ള "ഇന്ദിര ആവാസ് യോജന" പദ്ധതിപ്രകാരം കഴിഞ്ഞ അഞ്ചുവർഷം ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ മേൽപ്പറഞ്ഞ കാലയളവിൽ തീർത്ത വീടുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ പാർപ്പിടപ്രശ്നം പ്രസ്തുത പദ്ധതി മുഖേന എത്രമാത്രം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനിയും പാർപ്പിടമില്ലാത്ത ബി.പി.എൽ. കുടുംബങ്ങൾക്ക് എന്നത്തേക്ക് പാർപ്പിടം ലഭ്യമാക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വേണ്ടിയുള്ള ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 20,283.21 ലക്ഷം രൂപ കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി ചെലവഴിച്ചു.

(ബി) അനുബന്ധമായി കൊടുത്തിട്ടുണ്ട്†.

(സി) ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ആരംഭഘട്ടം മുതൽ കഴിഞ്ഞ സാമ്പത്തിക വർഷം വരെ 1,78,446 കുടുംബങ്ങളുടെ പാർപ്പിടപ്രശ്നം പരിഹരിച്ചിട്ടുണ്ട്.

(ഡി) പത്താം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ പാർപ്പിടമില്ലാത്ത എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

† അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly